# ഭോപ്പാൽ ദുരന്തം : യൂണിയൻ കാർബൈഡിനെതിരെ കോടതി വിധി

ന്യൂയോർക്ക് : കഴിഞ്ഞ 17 വർഷമായി അവർ കഠിനമായി രണ്ടു യുദ്ധങ്ങളാണ് നയിച്ചത്. ഒന്ന് കോടതിയിലും മറ്റൊന്നു ജീവിതത്തിനുവേണ്ടിയും. ഒടുവിൽ, 1984 ൽ ഡിസംബറിൽ ഭോപ്പാലിൽ സംഭവിച്ച മാരക വിഷവാതക ചോർച്ച യിലൂടെ ജീവിതം തകർക്കപ്പെട്ട അഞ്ചുലക്ഷം മനുഷ്യരുടെ സുദീർഘമായ കഷ്ടപ്പാടുകൾക്ക് അറുതിവരുന്നു. കുറഞ്ഞ പക്ഷം നിയമമുന്നണിയിലെങ്കിലും.

കഴിഞ്ഞ 2001 നവംബർ 16 നാണ് ന്യൂയോർക്കിലെ അമേരിക്കൻ രണ്ടാം അപ്പീൽ കോടതി സുപ്രധാനമായ ആ വിധി പുറപ്പെടുവിച്ചത്. ലോകം കണ്ടതിലേക്ക് ഏറ്റവും വലിയ വ്യവസായ ദുരന്തം സംഭവിച്ച ഭോപ്പാലിനെ യൂണിയൻ കാർബൈഡ് എന്ന അമേരിക്കൻ കുത്തക കമ്പനിയും അതിന്റെ ചീഫ് എക്സിക്യൂട്ടീവ് വാറൻ ആൻഡേഴ്സനും ഇന്ത്യയിൽ അവർക്കെതിരെ ഉണ്ടായ ക്രിമിനൽ കേസിന് ഉത്തരവാദികളാണെന്നായിരുന്നു കോടതി വിധി. അതു മാത്രമല്ല ദുരന്തത്തിന്റെ അനന്തരഫലമായുണ്ടായ പാരിസ്ഥിതിക, സാമൂഹ്യ, ആരോഗ്യ ബാധ്യതകൾക്കും ഇവർ ഉത്തരം പറയണമെന്നും കോടതി ചൂണ്ടിക്കാട്ടി. ഇതാദ്യമായാണ് ദുരന്തത്തിന്റെ ഫലമായുണ്ടായ പരിസ്ഥിതി പരമായ നാശം നീതിന്യായവ്യവസ്ഥയുടെ വിശകലനത്തിന് വിധേയമാകുന്നത്. ഇന്ത്യൻ അധികൃതരല്ല, സർക്കാരേതര സംഘടനകളാണ് ഈ സുപ്രധാന വിധി നേടിയെടുത്തത് എന്ന പ്രത്യേകതയും ഇതിനുണ്ട്. ഭോപ്പാലിന്റെ ബാക്കി പത്രം എന്ന പേരിൽ 'ഗ്രീൻപീസ്' എന്ന സംഘടന പുറത്തു വിട്ട റിപ്പോർട്ടാണ് ഈ കേസിന്റെ മുഖ്യാധാരം. യു. സി. ഐ. എല്ലിൽ കനത്ത തോതിൽ അന്തരീക്ഷത്തിൽ വാതക മലിനീകരണം സംഭവിച്ചതായി ഈ റിപ്പോർട്ട് ശാസ്ത്രീയമായി തെളിയിച്ചു. ഇപ്പോഴും വൻ തോതിൽ ഇവിടെ മാരകവിഷാംശമുള്ള വസ്തുക്കൾ അടിഞ്ഞുകിടക്കുന്നതായും അവർ കണ്ടെത്തി. അതേ സമയം ഗവൺമെന്റ് ഇതു സംബന്ധിച്ചു നടത്തിയ ഗവേഷണത്തിന്റെ റിപ്പോർട്ട് ഇപ്പോഴും എവിടേയോ കുടുങ്ങിക്കിടക്കുകയാണ്. 1999 നവംബറിലാണ് ആൻഡേഴ്സനും യു. സി. ക്കുമെതിരായി ദുരന്തത്തിനെതിരായ ഏഴു വ്യക്തികളും 5 സംഘടനാ പ്രവർത്തകരും കേസ് ഫയൽ ചെയ്തത്. എന്നാൽ ന്യൂയോർക്കിലെ തെക്കൻ ജില്ലാ കോടതിയിൽ 2000 ആഗസ്റ്റിൽ കേസ് പരിഗണനയ്ക്കു വന്നെങ്കിലും കോടതി പരാതി അംഗീകരിച്ചില്ല. ഒടുവിൽ 2001 നവംബറിൽ പരാതിക്കാർക്കനുകൂലമായ വിധി ഉണ്ടായി. പരിസ്ഥിതി നാശം ഉണ്ടാക്കുന്നതിന് നഷ്ട പരിഹാരം ആവശ്യപ്പെടാൻ ഇന്ത്യയിൽ വകുപ്പുകളില്ലാത്തതിനാലാണ് അമേരിക്കയിൽ ഈ കേസ് ഫയൽ ചെയ്തതെന്ന്

(ശേഷം 5-ാം പേജിൽ)

# യൂണിയൻകാർബൈഡിനെതിരെ കോടതി വിധി

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ദുരന്തത്തിനിരയായവർ ചേർന്ന് രൂപീകരിച്ച സ്വാശ്രയ സംഘടനയായ ഭോപ്പാൽ ഗ്യാസ് പീഢിത് ഉദ്യോഗ് സംഘതൻ കൺവീനർ അബ്ദുൾ ജബ്ബാർ പറയുന്നു.

മീഥൈൽ ഐസോ സയനേറ്റ് (MIC) ചോർന്നതിന്റെ സകല കുറ്റവും യൂണിയൻ കാർബൈഡിന് തന്നെയാണെന്ന് സ്ഥാപിക്കപ്പെട്ടു. എന്നാൽ മിച്ചിഗൻ കേന്ദ്രമായുള്ള ഡോ (Daw) കെമിക്കൽസ് കമ്പനിയായിരിക്കും നഷ്ടപരിഹാരം മുഴുവൻ സഹിക്കേണ്ടി വരിക. കാരണം യു. സി. ഇപ്പോൾ ഡോ കെമിക്കൽസിന്റെ കീഴിലാണ്. "ഉടമസ്ഥാവകാശം ഉള്ള ഡോ കമ്പനിക്ക് ഇന്ത്യയിൽ വേണ്ടത്ര ആസ്തിയുണ്ടെന്നതിനാൽ നീതി നേടിയെടുക്കുക എന്നത് ഇപ്പോൾ കൂടുതൽ യാഥാർത്ഥ്യമാവുകയാണ്. ഭോപ്പാൽ ഗ്രൂപ്പ് ഫോർ ആക്ഷൻ ആന്റ് ഇൻഫൊർമേഷൻ എന്ന സംഘടന വഴി ദുരന്തത്തിൽ പെട്ടവർക്ക് പിന്തുണ നൽകുന്ന സതിനാഥ് സവംഗി പറയുന്നു.

ഭോപ്പാൽ ജില്ലാ കോടതിയിൽ ആൻഡേഴ്സിനേയും യു. സി. പ്രതിനിധിയേയും ഹാജരാക്കാൻ ഇരുരാജ്യങ്ങളും തമ്മിൽ കുറ്റവാളികളെ കൈമാറാനുള്ള ഉടമ്പടി തന്നെ ഉപയോഗിക്കണമെന്നും അമേരിക്കൻ കോടതി വ്യക്തമാക്കിയിട്ടുണ്ട്. അതേ സമയം കേന്ദ്ര ഗവൺമെന്റ് ഈ സംഭവവികാസങ്ങളെപ്പറ്റി ഇനിയും പ്രതികരിച്ചിട്ടില്ല. 1984 നു ശേഷം ആൻഡേഴ്സൻ ഇന്ത്യൻ കോടതികളിൽ പ്രത്യക്ഷപ്പെട്ടിട്ടേയില്ല.

ദുരന്തത്തിൽപ്പെട്ടവരും അവരെ പിന്തുണക്കുന്നവരും പുലർത്തിയ നിശ്ചയദാർഢ്യം കൊണ്ടുനേടിയ ഈ കോടതിവിധി പക്ഷെ യുദ്ധത്തിന്റെ പാതി വഴി മാത്രമേ ആകുന്നുള്ളൂ. സർക്കാർ ചെയ്യേണ്ടത് എത്രയും വേഗം കേസ് സംബന്ധിച്ച് യുക്തമായ ഒരു തീരുമാനം എടുക്കുകയാണ്.